# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2031

08.03.2018 ൽ മറുപടിക്ക്

## വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. സി. ജോസഫ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ മേഖലയിലെ കേന്ദ്രനിക്ഷേപം ഉയർത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയ്ക്കായി നടപ്പിലാക്കിവരുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ 1404.12 ലക്ഷം പദ്ധതിതുകയുള്ള വെസ്റ്റ് മലബാർ പ്ലൈവുഡ് ക്ലസ്റ്റർ, എറണാകുളത്തിന് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ, ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് വ്യവസായ മന്ത്രാലയം എം. എസ്. എം. ഇ.യുടെ 6 കോടിയുടെ ധനസഹായം ഉൾപ്പെടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ഉയർത്തുന്നതിനുവേണ്ടി നിർദ്ദിഷ്ട ചെന്നൈ -ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ തീരുമാനം പ്രതീക്ഷിക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിലുള്ള ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയ / ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് പ്ലോട്ട് എന്നിവയിൽ ഐ.ഡി.പി, പൂവൻതുരുത്ത്, കോട്ടയം (പദ്ധതി തുക 1000 ലക്ഷം), ഐ.ഡി.എ, ഇടയാർ, എറണാകുളം (പദ്ധതി തുക 967.69 ലക്ഷം) |
| (ബി) | ആയതിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചെന്ന വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | എന്നീ പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. IDA അരൂരിന്റെ (ആലപ്പുഴ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു. |
| **(സി)** | ഡിഫൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക് എന്നിവയ്ക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ? | **(സി)** | കേന്ദ്ര സഹായ പദ്ധതികളായ ഡിഫൻസ് പാർക്കിന് 15 കോടി രൂപയും കെ എസ് ഐ ഡി സി യുടെ മെഗാഫുഡ് പാർക്കിന് 28.80 കോടി രൂപയും കിൻഫ്രയുടെ മെഗാഫുഡ് പാർക്കിന് 28 കോടി രൂപയും കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. |

Bindu. T

**സെക്ഷൻ ഓഫീസർ**